(ഡി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്തിന് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ Project Status Alert System of Kerala Water Authority (PASK) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി വാട്ടർ അതോറിറ്റി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകനയോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ടനിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നതിനെതിരെ നടപടി

9 (*219) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്താറുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത്തരം മത്സ്യം ഉപയോഗിക്കുന്നതു കൊണ്ടുള്ള ദോഷഫലങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മത്സ്യത്തിൽ വിഷവസ്തുക്കളും സംരക്ഷണത്തിനെന്ന പേരിൽ ചേർക്കുന്ന ഹാനികരമായ മറ്റ് വസ്തുക്കളും ഉണ്ടോ എന്ന് വിപണനഘട്ടത്തിൽ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അത് അടിയന്തരമായി ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണികളിൽനിന്ന് ശേഖരിക്കുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുവാൻ സംവിധാനമുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന Central Institute of Fisheries Technology (CIFT)-ലും പരിശോധനാ സംവിധാനം ലഭ്യമാണ്. ടി സംവിധാനം ആവശ്യാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്.

വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ

10 (*220) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് APL-BPL തരംതിരിവ് ഇല്ലാതെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപാവരെയുള്ള കുടുംബങ്ങൾക്ക് RCC യിലും SCT യിലും സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വർദ്ധിച്ചു വരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് ഈ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly